E - Mail : vpkpala@gmail.com
Website : www.ecatpala.com

PHONE : 04822 - 210811

# VISWASA PARISEELANA KENDRAM

## DIOCESE OF PALAI

SHALOM PASTORAL CENTER, PALAI - 686675

Date : 21/05/2020

**പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, പ്രഥമാദ്ധ്യാപകരേ,**

**വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും സ്നേഹാന്വേഷണങ്ങൾ!**

ലോകമെങ്ങും കോവിഡ് - 19 എന്ന വൈറസിന്റെ ബാധ പടർന്ന് പിടിച്ച സാഹചര്യത്തിൽ നിയന്ത്രിതമായി ജീവിക്കേണ്ട സാഹചര്യങ്ങളിലൂടെയാണ് കഴിഞ്ഞ രണ്ടുമാസമായി നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. അതിനാൽ 2019 - 2020 വിശ്വാസപരിശീലനവർഷം നാം ആഗ്രഹിച്ച രീതിയിൽ പൂർത്തീകരിക്കുവാൻ നമുക്ക് സാധിക്കാതെവന്നു. I മുതൽ IX വരെ ക്ലാസ്സുകളുടെ രണ്ടാം ടേം പരീക്ഷ, വിശ്വാസോത്സവം, സ്കോളർഷിപ്പ് പരീക്ഷ, വിചിന്തനം ക്യാമ്പ് ഇവയൊന്നും നമുക്ക് നടത്തുവാൻ സാധിച്ചില്ല. ഇപ്പോൾ പുതിയ വിശ്വാസപരിശീലന വർഷം സാധാരണ നാം ആരംഭിക്കേണ്ട സമയവുമായിരിക്കുന്നു. ആയതിനാൽ കഴിഞ്ഞ അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തെപ്പറ്റിയും പുതിയ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തെപ്പറ്റിയും ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

### 1. X, XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് ബുക്കുകൾ

X, XII ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് ബുക്കുകൾ ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി (കുട്ടിയെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ, ഒന്നാം ടേമിലെ മാർക്ക്, ഹാജർ) 2020 മെയ് 26-ാം തീയതിക്കുമുമ്പായി വിശ്വാസപരിശീലനകേന്ദ്രം രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കുട്ടികളുടെ രണ്ടാം ടേമിലെ ഇന്റേണൽ അസസ്മെന്റെ മാർക്ക് കൂടി ഇതോടൊപ്പം പ്രത്യേക ലിസ്റ്റായി നൽകേണ്ടതാണ്.

പഠനവൈകല്യമോ മറ്റ് കാരണങ്ങളാലോ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കോപ്പി തരാത്തവരുണ്ടെങ്കിൽ ഡയറക്ടറച്ചന്റെ ശുപാർശയോടൊപ്പം നൽകേണ്ടതാണ്.

2019 - 2020 വർഷത്തിൽ 40 സാദ്ധ്യായ ദിവസങ്ങളാണ് ഉണ്ടായിരുന്നത് എന്നുള്ളത് സർട്ടിഫിക്കറ്റ് ബുക്കിൽ ഹാജർ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. 40-ൽ 30 ഹാജർ ഉള്ളവർക്കേ പ്രമോഷന് അർഹതയുണ്ടായിരിക്കുകയുള്ളു. വിശ്വാസോത്സവം നടത്താൻ കഴിയാത്തതിനാൽ അതിന് നൽകേണ്ട മാർക്ക് സർട്ടിഫിക്കറ്റ് ബുക്കിൽ രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ രണ്ടാം ടേം എഴുത്തുപരീക്ഷക്ക് ലഭിച്ച മാർക്കിനെ അടിസ്ഥാനമാക്കി താഴെപ്പറയും വിധം നൽകുന്നതാണ്.

| പരീക്ഷയ്ക്ക് കിട്ടിയ മാർക്ക് | വിശ്വാസോത്സവത്തിന്റേതായി നൽകുന്ന മാർക്ക് |
|---|---|
| 72 - 80 | 10 |
| 62 - 71 | 09 |
| 52 - 61 | 08 |
| 42 - 51 | 07 |
| 32 - 41 | 06 |
| 0 - 31 | 05 |

## 2. X, XII ക്ലാസ്സുകളിലെ റിസൾട്ട്

X, XII ക്ലാസ്സുകളിലെ റിസൾട്ട് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബുക്കുകൾ 2020 ജൂൺ 6 മുതൽ രൂപത ഓഫീസിൽ നിന്നും തിരികെ നൽകുന്നതാണ്.

## 3. X, XII ക്ലാസ്സുകളിലെ സേ പരീക്ഷ

X, XII ക്ലാസ്സുകളിൽ പരാജയപ്പെട്ടവർക്ക് താല്പര്യമുണ്ടെങ്കിൽ സേ പരീക്ഷ എഴുതാൻ അവസരം നൽകുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് (സാനിറ്റൈസർ/സോപ്പ്, മാസ്ക്, സാമൂഹിക അകലം) ഇടവകകളിൽ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പരീക്ഷാക്രമീകരണങ്ങൾ നടത്തേണ്ടതാണ്. റിസൾട്ട് വാങ്ങാൻ വരുമ്പോൾ രൂപത ഓഫീസിൽനിന്നും നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് 2020 ജൂൺ 20-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെയുള്ള സമയത്ത് പരീക്ഷ നടത്തി ഉത്തരകടലാസുകൾ 2020 ജൂൺ 22 ന് വൈകിട്ട് 4 മണിക്ക് മുമ്പായി തിരികെ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 4. I മുതൽ IX വരെ ക്ലാസ്സുകളിലെ പ്രമോഷൻ

താഴെ നൽകുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് I മുതൽ IX വരെ ക്ലാസ്സുകളിലെ പ്രമോഷൻ നിശ്ചയിക്കാവുന്നതാണ്.

- 2019 - 2020വിശ്വാസപരിശീലനവർഷത്തിൽ ഉണ്ടായിരുന്ന ആകെ സാദ്ധ്യായ ദിവസങ്ങളുടെ എണ്ണം 40 ആണ്. ഇതിൽ 30 എണ്ണം ഹാജർ എങ്കിലും ഉണ്ടായിരിക്കണം.
- ഒന്നാം ടേമിലെ എഴുത്തുപരീക്ഷ, രണ്ട് ടേമിലെയും ഇന്റേണൽ അസസ്മെന്റ് എന്നിവയ്ക്ക് 40% എങ്കിലും മാർക്ക് ഉണ്ടായിരിക്കണം.
- ഇടവകവികാരിയുടെ അനുമതിയോടുകൂടി വേറെ ഇടവകയിലെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുത്ത് സ്വന്തം ഇടവകയിൽ പരീക്ഷ എഴുതിയവരെ അവരുടെ ഹാജർ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഇന്റേണൽ അസസ്മെന്റ് മാർക്ക് എന്നിവ ലഭിച്ചതിനു ശേഷം സ്വന്തം ഇടവകയിൽ തന്നെ പ്രമോഷൻ നിശ്ചയിക്കേണ്ടതാണ്.

## 5. XI -ാം ക്ലാസ്സിലെ പ്രമോഷൻ

XI -ാം ക്ലാസ്സിലെ പ്രമോഷൻ താഴെ നൽകുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും.

- 2019 - 2020 വിശ്വാസപരിശീലനവർഷത്തിലെ ആകെ സാദ്ധ്യയായ ദിവസങ്ങളായ 40 ൽ 30 എണ്ണമെങ്കിലും ഹാജർ ഉണ്ടായിരിക്കണം.
- ഒന്ന്, രണ്ട് ടേമുകളിലെ ആകെ മാർക്കും വിശ്വാസോത്സവത്തിന്റെ മാർക്കും (വിശ്വാസോത്സവം നടക്കാത്തതിനാൽ രണ്ടു ടേം പരീക്ഷകൾക്കും കൂടി ആകെ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിശ്വാസോത്സവത്തിന്റെ മാർക്ക് നൽകേണ്ടതാണ്. അതിന്റെ ക്രമം താഴെ നൽകുന്നുണ്ട്.) കൂടി കൂട്ടുമ്പോൾ C ഗ്രേഡ് എങ്കിലും ഉണ്ടായിരിക്കണം.
- എഴുത്തുപരീക്ഷയ്ക്ക് രണ്ടു ടേമുകളിലും കൂടി 40 % മാർക്ക് ഉണ്ടായിരിക്കണം.
- ഇടവകവികാരിയുടെ അനുമതിയോടുകൂടി വേറെ ഇടവകയിൽ വിശ്വാസപരിശീലനക്ലാസ്സുകളിൽപങ്കെടുത്ത് സ്വന്തം ഇടവകയിൽ പരീക്ഷ എഴുതിയവർ അവരുടെ ഹാജർ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഇന്റേണൽ അസസ്മെന്റ് മാർക്ക് എന്നിവ ലഭിച്ചതിനു ശേഷം സ്വന്തം ഇടവകയിൽ പ്രമോഷൻ നിശ്ചയിക്കേണ്ടതാണ്.
- XI -ാം ക്ലാസ്സിലെ മാർക്ക് സർട്ടിഫിക്കറ്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അതിനാൽ XI - ാം ക്ലാസ്സിൽ വിശ്വാസോത്സവത്തിന്റെ മാർക്ക് രണ്ട് എഴുത്തുപരീക്ഷകൾക്കും കൂടി ആകെ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിധത്തിൽ നൽകേണ്ടതാണ്.

| രണ്ട് പരീക്ഷയ്ക്കും കൂടി ആകെ ലഭിച്ച മാർക്ക് | വിശ്വാസോത്സവത്തിന്റേതായി നൽകാവുന്ന മാർക്ക് |
|---|---|
| 144 - 160 | 20 |
| 134 - 143 | 19 |
| 124 - 133 | 18 |
| 114 - 123 | 17 |
| 104 - 113 | 16 |
| 94 - 103 | 15 |
| 84 - 93 | 14 |
| 74 - 83 | 13 |
| 64 - 73 | 12 |
| 0 - 63 | 11 |

**6. പ്രമോഷൻ ലിസ്റ്റ്**

2019 - 2020 വിശ്വാസപരിശീലനവർഷത്തെ പ്രമോഷൻ ലിസ്റ്റ് 2020 ജൂൺ 14 ന് ഇടവകകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**7. പ്രഥമാദ്ധ്യാപക സമ്മേളനം**

2020 മെയ് 30 ന് നടക്കേണ്ട പ്രഥമാദ്ധ്യാപകസമ്മേളനം മാറ്റിവച്ചിരിക്കുന്നു. അതിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**8. പാഠപുസ്തകങ്ങൾ**

തങ്ങളുടെ ഇടവകയിൽ ഓരോക്ലാസ്സുകളിലേക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ഈ ദിവസങ്ങളിൽ തന്നെ ആവശ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അറിഞ്ഞ് വയ്ക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. ലോക്ഡൗൺ കാരണം പുസ്തകങ്ങൾ ഇതുവരെയും രൂപത കേന്ദ്രത്തിൽ എത്തിയിട്ടില്ല. എണ്ണം നേരത്തെ അറിഞ്ഞുവച്ചാൽ പുസ്തകങ്ങൾ എത്തുന്ന മുറയ്ക്ക് നിങ്ങൾക്ക് അവ വാങ്ങിച്ചുകൊണ്ടുപോകാൻ എളുപ്പമായിരിക്കും. പുസ്തകവിതരണം ആരംഭിക്കുന്ന വിവരം WhatsApp സന്ദേശം മുഖേന നിങ്ങളെ അറിയിക്കുന്നതാണ്.

**9. വിശ്വാസപരിശീലന ഡയറി**

വിശ്വാസപരിശീലന ഡയറി ആവശ്യമുള്ളവർ 2020 മെയ് 31 ന് മുമ്പായി ആവശ്യമായ എണ്ണം രൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്.

**10. പുതിയ അഡ്മിഷൻ**

2020 - 2021 വിശ്വാസപരിശീലനവർഷത്തിൽ 1-ാം ക്ലാസിലേക്കുള്ള അഡ്മിഷൻ 2020 ജൂലൈ 12-ാം തീയതിക്കുമുമ്പായി പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. ഇതിനായി ഇടവകകളിൽ ഇതിനോടകം രൂപപ്പെടുത്തിയിരിക്കുന്ന ആശയസംവേദനോപാധികൾ ഉപയോഗിക്കുമല്ലോ.

**11. പ്രഥമ കുമ്പസാരവും തുടർന്നുള്ള വിശുദ്ധ കുർബാനസ്വീകരണവും**

സാധാരണ മദ്ധ്യവേനലവധിക്കാലത്ത് നടത്താറുള്ള 4-ാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളുടെ പ്രഥമകുമ്പസാരവും തുടർന്നുള്ള വിശുദ്ധകുർബാന സ്വീകരണവും ഈ വർഷം ലോക്ഡൗൺ മൂലം നടത്താൻ സാധിച്ചില്ലല്ലോ. പള്ളികൾ തുറന്ന് ആരാധന നടത്താൻ അനുവാദം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ഈ കാര്യത്തെക്കുറിച്ചുള്ള പൊതു നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**12. പുതിയ വിശ്വാസപരിശീലന വർഷം 2020 - 2021**

കോവിഡ് - 19 രോഗബാധയും അതിനെതുടർന്നുള്ള ലോക്ഡൗണും നിലവിലുണ്ടെങ്കിലും പുതിയ വിശ്വാസപരിശീലനവർഷം 2020 ജൂലൈ 5-ാം തീയതി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. സാധാരണ നിലയിലുള്ള വിശ്വാസപരിശീലനം അന്നു പള്ളികളിൽ ആരംഭിക്കാൻ സാധിച്ചില്ലെങ്കിലും നാം ജൂലൈ 5 മുതൽ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ

പരിശ്രമിക്കുകയാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനം കൂടുതൽ ശക്തമാക്കാൻ ഈ സാഹചര്യങ്ങളൊക്കെ നമുക്ക് വിനിയോഗിക്കാം. ഉത്ഥിതനീശോയിൽ വിശ്വസിക്കുന്ന നമുക്ക് നല്ല പ്രത്യാശയുള്ളവരാകാം.

സാധാരണ നിലയിലുള്ള വിശ്വാസപരിശീലനം ആരംഭിക്കാൻ കഴിയുന്നതുവരെ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള വിശ്വാസപരിശീലപദ്ധതി രൂപപ്പെടുത്താൻ നാം പരിശ്രമിക്കുകയാണ്. ഈ ഉദ്യമത്തിൽ സഹകരിക്കാൻ താല്പര്യമുള്ള വിശ്വാസപരിശീലകരുടെ പേര്, വീട്ടുപേര്, പഠിപ്പിക്കുന്നക്ലാസ്, ഫോൺ നമ്പർ എന്നിവ 2020 മെയ് 26 ന് മുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുമല്ലോ.

ഈ നാളുകളിൽ പല കാര്യങ്ങൾക്കും ഉപകാരപ്പെടുത്തുന്നതിനുവേണ്ടി എല്ലാ പ്രഥമാദ്ധ്യാപകരുടെയും E-mail അഡ്രസ് രൂപത ഓഫീസിന് ആവശ്യമുണ്ട്. അതിനാൽ എല്ലാ പ്രഥമാദ്ധ്യാപകരും തങ്ങളുടെ E-mail അഡ്രസ് രൂപത ഓഫീസിൽ 2020 മെയ് 26 ന് മുമ്പായി അറിയിക്കേണ്ടതാണ്. സ്വന്തമായി E-mail ഇല്ലാത്തവർ പുതുതായി ഒരെണ്ണം രൂപീകരിച്ച് രൂപത വിശ്വസപരിശീലനകേന്ദ്രത്തോട് സഹകരിക്കുമല്ലോ. നിങ്ങൾക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു. നമുക്ക് പ്രാർത്ഥനയിൽ പരസ്പരം ഓർക്കാം.

സ്നേഹപൂർവ്വം,

ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ
ഡയറക്ടർ
വിശ്വാസപരിശീലനകേന്ദ്രം
പാലാ രൂപത


വിശ്വാസപരിശീലനകേന്ദ്രം ഓഫീസ് ഫോൺ നമ്പർ – 04822 210811
ഡയറക്ടർ – 9539919513
E-mail: vpkpala@gmail.com